പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1361 — 04.02.2019-ൽ മറുപടിക്ക്

## വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറി യിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് കിട്ടുവാൻ വേണ്ടി നഗരസഭ ചെയർപേഴ്സൺ എന്നാണ് സർക്കാരിന് കത്ത് നൽകിയത്; കത്ത് എന്നാണ് ജില്ലാ കളക്ടർക്ക് അയച്ചത്; വ്യക്തമാക്കുമോ; | (എ) വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ 01.08.2017-നാണ് സർക്കാരിന് കത്ത് നൽകിയത്. 07.09.2017-നാണ് Rev-P3/150/2017 നമ്പർ കത്ത് പ്രകാരം പ്രസ്തുത നിവേദനം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളത്. |
| (ബി) ജില്ലാ കളക്ടർ എന്നാണ് സർക്കാരിന് റിപ്പോർട്ട് അയച്ചത്, എന്നാണ് ലാന്റ് റവന്യൂ കമ്മിഷണർക്ക് കത്ത് അയച്ചത് എന്നിവയുടെ വിശദാംശം അറിയി ക്കാമോ; | (ബി) മലപ്പുറം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 12.11.2018-ന് മലപ്പുറം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മിഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മിഷണർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; നിബന്ധനകൾ ലഘൂകരിച്ച ഉത്തരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 24.01.2019-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ